**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സർവ്വീസിൽ നിന്നും വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ. എം. ശങ്കരൻകുട്ടിയുടെ ഭാര്യയുടെ ചികിത്സയ്ക്ക് ചിലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.3747/2017/തസ്വഭവ. തീയതി,തിരുവനന്തപുരം,22.11.2017

---

പരാമർശം:- 1 ശ്രീ. എം. ശങ്കരൻകുട്ടിയുടെ 20.01.2016 ലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ

2 പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 19.03.2016 ലെ സി3/4041/2016 നമ്പർ കത്ത്.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.10.2016, 09.05.2017 എന്നീ തീയതികളിലെ ഇ 17/8299/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് മുനിസിപ്പാലിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ. എം. ശങ്കരൻകുട്ടി യുടെ ഭാര്യയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇം.എം.എസ് മെമ്മോറിയൽ കോപ്പറേറ്റീവ് ആശുപത്രിയിൽ ചെലവായ 49,744/- രൂപ (നാൽപ്പത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി നിൽപ്പത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിനുള്ള അനുമതിക്കായി പരാമർശം(3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത തുകയിൽ 26,034 രൂപ (ഇരുപത്തി ആറായിരത്തി നുപ്പത്തിനാല് രൂപ മാത്രം) അനുവദനീയമാണെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം(2) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് മുനിസിപ്പാലിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ. എം. ശങ്കരൻകുട്ടിയുടെ ഭാര്യയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇം.എം.എസ് മെമ്മോറിയൽ കോപ്പറേറ്റീവ് ആശുപത്രിയിൽ ചെലവായ തുകയിൽ അനുവദനീയമായ തുകയുടെ 80% ആയ 20, 827/- രൂപ (ഇരുപതിനായിരത്തി എണ്ണൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി അനുമതി

(P.T.O)

നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച ചിലവ് "2515-00-001-92-01" നമ്പർ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്ത്**
അണ്ടർ സെക്രട്ടറി

1 ശ്രീ. എം. ശങ്കരൻകുട്ടി, സൂപ്രണ്ടിങ് എഞ്ചിനിയർ (റിട്ട.). ( തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (*മെഡിക്കൽ ബില്ലുകൾ സഹിതം*)
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4 ധനകാര്യ വകുപ്പ് (14.08.2017 ലെ WW1/171/2017 ധന പ്രകാരം)
5 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ